©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 നവംബർ 10<br>10th November 2020<br>1196 തുലാം 25<br>25th Thulam 1196<br>1942 കാർത്തികം 19<br>19th Karthika 1942 | നമ്പർ<br>No. | 44 |

## PART III

## Notifications by Heads of Departments

## Commissionerate of Land Revenue

## Punalur Taluk

പരസ്യം

(1)

നമ്പർ ജി2-311/2020. 2020 ഒക്ടോബർ 6.

പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ തോപ്പിൽ വീട്ടിൽ ജെയിംസ് ലാസർ ജെയിംസ് 8-8-2018-ാം തീയതി മരണപ്പെട്ടു പോയിട്ടുള്ളതാണ്. പരേതന്റെ വസ്തു സംബന്ധമായ ആവശ്യങ്ങൾക്കും, എൽ.ഐ.സി., ബാങ്ക് നിക്ഷേപം എന്നിവ പിൻവലിക്കുന്നതിനും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ മകൻ ടി വില്ലേജിൽ നടുപറമ്പിൽ ജയിംസ് ലാസർ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ബ്രോണി ലാസർ | ഭാര്യ | 66 |
| 2 | ജയിംസ് ലാസർ | മകൻ | 34 |
| 3 | സൂസൻ ലാസർ | മകൾ | 32 |
| 4 | മറിയാമ്മ ലാസർ | ,, | 30 |
| 5 | എബ്രഹാം ലാസർ | മകൻ | 28 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. പരേതന്റെ വസ്തു സംബന്ധമായതും ബാങ്ക്, എൽ.ഐ.സി. സംബന്ധമായ ആവശ്യങ്ങൾ ഒന്നാം കക്ഷി നടത്തുന്നതിനും ഗ്യാസ് കണക്ഷൻ 5-ാം കക്ഷി പേരിൽ മാറ്റുന്നതിനും മറ്റ് കക്ഷികൾ സമ്മതമൊഴി നൽകിയിട്ടുണ്ട്. ആയതിനാൽ 1 മുതൽ 5 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ജി2-4644/2020. 2020 സെപ്റ്റംബർ 9.

പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിൽ RPL IC കോളനിയിൽ നടേശൻ, വി. 25-5-2020-ാം തീയതി മരണപ്പെട്ടു പോയിട്ടുള്ളതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ജോലിക്കും സ്ഥാവരജംഗമ വസ്തുക്കളിൽ മേലുള്ള അവകാശത്തിനും പ്രോവിഡന്റ് ഫണ്ട് തുക കൈപ്പറ്റുന്നതിനും ബാങ്ക് ഇടപാടുകൾക്കും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ അന്നകാമാക്ഷി സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | അന്നകാമാക്ഷി | ഭാര്യ | 56 |
| 2 | സന്തോഷ്കുമാർ, എൻ. | മകൻ | 29 |
| 3 | രാസമ്മ, എസ്. | മാതാവ് | 77 |

ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ജോലിക്കും സ്ഥാവരജംഗമ വസ്തുക്കളിൽ മേലുള്ള അവകാശം ഒഴികെയുള്ള മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും, മരണാനന്തര പ്രോവിഡന്റ് ഫണ്ട് തുക എന്നിവ ഒന്നാം കക്ഷി കൈപ്പറ്റുന്നതിന് രണ്ടാം കക്ഷിയും എല്ലാ ആനുകൂല്യങ്ങളും ഒന്നാം കക്ഷി കൈപ്പറ്റുന്നതിന് മൂന്നാം കക്ഷിയും സമ്മതിച്ച് മൊഴി നൽകിയിട്ടുള്ളതാണ്. ആയതിനാൽ 1 മുതൽ 3 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പുനലൂർ. തഹശീൽദാർ.

---

## PATHANAMTHITTA DISTRICT

ലേലപ്പരസ്യം

നമ്പർ സി10-246778/2020. 2020 ഒക്ടോബർ 8.

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കലഞ്ഞൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 28-ൽ റീസർവ്വെ 121/2-ൽപ്പെട്ട പതിവ് ഭൂമിയിൽ LAC-111/67-ാം നമ്പർ പട്ടയപ്രകാരം റിസർവ് ചെയ്തിട്ടുള്ള ആഞ്ഞിലി മരം അനധികൃതമായി മുറിച്ചിട്ടുള്ളതും ആയതിന് എൽ.സി. കേസ് എടുത്തിട്ടുള്ളതുമാണ്. ടി ആഞ്ഞിലി തടി ലേലം ചെയ്ത് വിൽക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ടി തടി 16-12-2020-ാം തീയതിയിൽ പകൽ 11 മണിക്ക് ജില്ലാ കളക്ടറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കലഞ്ഞൂർ വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുക നിയമപ്രകാരമുള്ള മുഴുവൻ നികുതി അടക്കം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം സ്ഥിരീകരിച്ച് 15 ദിവസത്തിനുള്ളിൽ ടി തടി സ്വന്തം ചിലവിൽ ആർക്കും നാശനഷ്ടമുണ്ടാക്കാതെ ടി സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടതുമാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടിയുടെ അളവുകൾ

ഇനം—ആഞ്ഞിലി 1B

G.B.H.(cm)—140

വ്യാപ്തം ($m^3$)—1.470.

കളക്ട്രേറ്റ്, (ഒപ്പ്)
പത്തനംതിട്ട. ജില്ലാ കളക്ടർ.